APRIL
Vol. 7 Issue : 4
2020



# Bulletin

## Irinjalakuda Diocese



“എന്റെ കർത്താവേ എന്റെ ദൈവമേ”
(യോഹന്നാൻ 20:28)

“എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്”
(മത്തായി 25 : 40)

Best Compliments from...

# SAHṚDAYA
## GROUP OF INSTITUTIONS

Managed by Irinjalakuda Diocesan Educational Trust

We promote character, the rest follows...

EDUCATION IS DEDICATION

## SAHṚDAYA
COLLEGE OF ENGINEERING AND TECHNOLOGY

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
E-mail : info@sahrdaya.ac.in. Website: www.sahrdaya.ac.in

### COURSES OFFERED:

**UG Courses :** BTech in Bio Medical Engineering (BM), Bio Technology (BT), Civil Engineering (CE), Computer Science(CS), Electronics and Communication (EC), Electrical and Electronics (EE),

**PG Courses :** MTech in Embedded Systems (ES), Industrial Bio Technology (IBT), Power Electronics and Drive (PED), Computer Science (CS),

INNOVATION IS INVENTION

## SAHṚDAYA-*tech*

Vidyajyoti Complex, Irinjalakuda, Thrissur, Pin : 680121. Ph : 8289847600
E-mail : sahrdayatech@gmail.com. Website: www.sahrdayatech.org

### COURSES OFFERED:

Civil Service Coaching, Bank Test Coaching;
PSC Test Coaching, Parish Administration Software, Foundation Courses, BTech Tuition Classes.

EVER TO EXCEL

## SAHṚDAYA
COLLEGE OF ADVANCED STUDIES OF ART & SCIENCE

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
Email : info@sahrdaya.ac.in. Website: www.sahrdaya.ac.in

### COURSES OFFERED:

**UG Courses :** B Com Professional, B Com Computer Application, B Com Finance, B Com Co-Operation B Com Taxation, B Com Banking B Sc Physics, B Sc Computer Science, B Sc Chemistry, B Sc Geology, B Sc Mathematics, B C A, B Sc Psychology, B B A, B A Malayalam with Journalism, B A English with Journalish

**PG Courses :** M Sc Psychology, M Com Finance

LEARN LEAD SERVE

## SAHṚDAYA
INSTITUTE OF MANAGEMENT STUDIES

PB No: 19, Kodakara, Thrissur, Pin : 680684. Ph : 0480 2759275, 7025165333
Email : info@sahrdayasims.ac.in. Website: www.sahrdayasims.ac.in

### MBA @ SIMS COURSES OFFERED:

Financial Management, HR Management, Marketing Management
International Business Management, Tourism & Hospitality Management

# Irinjalakuda Diocesan Bulletin

Vol.: 07 Issue: 04

APRIL 2020

MY LORD, MY GOD

*Address:*
Eparchial Curia
Bishop's House, P.B. No. 59
Irinjalakuda - 680 121

*Phone:*
0480 2826820, 2826830

*Website & E-mail:*
www.irinjalakudadiocese.com
ijkbph@gmail.com

*Subscription:*
Monthly : ₹ 20.00
Annual : ₹ 200.00

## ഉള്ളടക്കം


| | | |
|---|---|---|
| 01 | ഇടയശബ്ദം | 04 |
| 02 | ഇടയലേഖനം | 08 |
| 03 | സർക്കുലർ 1 | 13 |
| 04 | സർക്കുലർ 2 | 15 |
| 05 | സർക്കുലർ 3 | 17 |
| 06 | സർക്കുലർ 4 | 18 |
| 07 | സർക്കുലർ 5 | 20 |
| 08 | കൊറോണ സംരക്ഷണ പ്രാർത്ഥന | 22 |
| 09 | കച്ചേരി കാര്യങ്ങൾ | 23 |
| 10 | വൈദീക - സമർപ്പിത ഡയറക്ടറി | 24 |
| 11 | മതബോധനം | 25 |
| 12 | സാവിയോ ഫെസ്റ്റ് | 26 |
| 13 | സിൽച്ചാർ മിഷൻ | 29 |
| 14 | കെ.സി.എസ്.എൽ. | 30 |
| 15 | സോഷ്യൽ ആക്ഷൻ | 31 |
| 16 | നവചൈതന്യ | 34 |
| 17 | മദ്യവിരുദ്ധ സമിതി | 35 |
| 18. | പാക്സ് | 36 |
| 19 | അവാർഡ് | 37 |
| 20 | സെന്റ് പോൾസ് മൈനർ സെമിനാരി | 39 |
| 21 | ബ്ലസ് എ ഹോം | 40 |
| 22 | സെന്റ് ജെയിംസ് ഹോസ്പിറ്റൽ | 40 |
| 23 | ഹൃദയ പാലിയേറ്റീവ് കെയർ | 42 |
| 24 | സാൻജോസദൻ | 44 |
| 25 | തെരട്ട് - പള്ളികളുടെ ലിസ്റ്റ് | 45 |
| 26 | സ്പിരിച്ചാലിറ്റി സെന്റർ | 47 |
| 27 | ഇടയന്റെ ഇന്നലെകൾ | 48 |



# ഇടയശബ്ദം

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളേ, സ്നേഹമുള്ള സമർപ്പിതരേ, അത്മായ സഹോദരരേ,

ലോകം കണ്ട ഏറ്റവും വിനാശകാരിയായ വൈറസ് നമ്മുടെ ജനജീവിതം അപ്പാടെ മാറ്റിമറിച്ചിരിക്കുകയാണ്. ഈ കൊറോണ വൈറസിനെതിരായ പഴുതടച്ച നടപടി എന്ന നിലയിൽ നമ്മുടെ കേരള സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും കർശനമായ ഉപാധികളോടെ ലോക് ഡൗൺ പ്രഖ്യാപിച്ച മാർച്ച് 24 നാണ് ഞാൻ ഈ ഇടയശബ്ദം കുറിക്കുന്നത്. ലോകം ഇന്നേവരെ നേരിട്ടിട്ടില്ലാത്ത വെല്ലുവിളിയാണ് ഈ കാലഘട്ടത്തിൽ നാം നേരിട്ടുകൊണ്ടിരിക്കുന്നത്. ഇപ്പോഴത്തെ വൈറസ് ഭീഷണിക്ക് അനുബന്ധമായി സാമ്പത്തിക തകർച്ചയും പ്രകടമായികഴിഞ്ഞു. രോഗഭീഷണിയുടെ ജാഗ്രതയും മുൻകരുതലുകളും നാം ഒറ്റക്കെട്ടായി സ്വീകരിച്ച് ഈ മഹാമാരിയെ പ്രതിരോധിക്കണം. അതോടൊപ്പം കടുത്ത പ്രതിസന്ധിയിലായിരിക്കുന്ന അസംഘടിത തൊഴിൽ മേഖലയിലുള്ളവർ നിസ്സാഹായതയോടെ പട്ടിണി അഭിമുഖീകരിക്കുമ്പോൾ രോഗ വ്യാപനത്തെ കുറിച്ചുള്ള ആശങ്കയോടൊപ്പം ഇവരുടെ കഷ്ട ജീവിതവുംകൂടെ നമ്മുടെ ആകുലതയായി മാറേണ്ടതുണ്ട്.

സർക്കാരും ആരോഗ്യവകുപ്പും ജില്ലാ ഭരണകൂടവും ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളെല്ലാം നമുക്കാകെവേണ്ടിയാണെന്നും ഒരാളുടെ പിഴവ് നാടിനാകെ നശിപ്പിച്ചേക്കുമെന്ന തിരിച്ചറിവും നമുക്കുണ്ടാകണം. നിരാശയും പേടിയും ഭീതിയും പതർച്ചയുമല്ല ലോകം നമ്മിൽ നിന്നാവശ്യപ്പെടുന്നത്; ഏതു ദുരിതത്തെയും ദാരിദ്രത്തെയും നേരിടുന്നതിന് ദൈവത്തിലാശ്രയിക്കുവാനുള്ള മനസ്സും ഒത്തൊരുമിച്ചുള്ള കൂട്ടായ പരിശ്രമവുമാണ്. രോഗത്തിന്റെ, അത് പ്രചരിപ്പിക്കുന്ന വൈറസിന്റെ ചങ്ങല തകർക്കലാണ് പ്രധാനമായി ലക്ഷ്യം വയ്ക്കേണ്ടത്. അതോടൊപ്പം രോഗ ലക്ഷണമുള്ളവർ സർക്കാർ നിർദ്ദേശമനുസരിച്ച് ചികിത്സയ്ക്ക് വിധേയമാകേണ്ടതുമുണ്ട്. രോഗ ഭീഷണിയ്ക്ക് ഇരയാവാതിരിക്കുവാൻ ഇപ്പോൾ ആവ

ശ്യമുള്ളത് പരസ്പരം അകന്നു നിൽക്കുന്നതാണ്. അങ്ങനെ കൊറോണ വൈറസിന്റെ വ്യാപനത്തെ ചെറുത്തു നിൽക്കാം.

ലോകത്ത് മറ്റെവിടെയുമില്ലാത്ത വിധത്തിൽ നിശ്ചയദാർഢ്യത്തോടെ ഡോക്ടർമാരും നേഴ്സുമാരും മറ്റാരോഗ്യ പ്രവർത്തകരും ഭരണ സംവിധാനവും രംഗത്തുണ്ട്. അവരെ നാം പ്രോത്സാഹിപ്പിക്കണം. ഈ പകർച്ചവ്യാധിയെ നേരിടാൻ അതിൽ നിന്നും സ്വയം രക്ഷപ്പെടുവാൻ അതുവഴി മറ്റുള്ളവരെകൂടെ രക്ഷപ്പെടുത്തുവാൻ സർവ്വാത്മനാ നാം സഹകരിക്കുകയാണ് വേണ്ടത്. രോഗ ഭീഷണിയുടെ പശ്ചാത്തലത്തിൽ ജോലിയും ചെറുകിട കച്ചവടവും ഇല്ലാതായി ദിവസ വേതനം നഷ്ടപ്പെട്ടവർ നമ്മുടെ സങ്കടമായി തീരുന്നു. അന്യ സംസ്ഥാന തൊഴിലാളികളിൽ വളരെയേറപ്പേർ തിരിച്ചുപോയെങ്കിലും കുറേപ്പേർ പലയിടത്തുമായി തങ്ങുന്നുണ്ട്. അവരും നമ്മുടെ ശ്രദ്ധ അർഹിക്കുന്നവരാണ്. ദിവസക്കൂലികൊണ്ടുമാത്രം ജീവിക്കുന്ന ലക്ഷകണക്കിനു പേരാണ് നമ്മുടെ നാട്ടിലുള്ളത്. ഓരോ ദിവസവും കിട്ടുന്ന പരിമിതമായ വേതനംകൊണ്ട് അന്നന്നത്തെ ജീവിതം പുലർത്തുന്നവർ നാളേയ്ക്കായി എന്തെങ്കിലും കരുതി വയ്ക്കുവാൻ അവർക്ക് മിക്കവർക്കും കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ചെയ്തുപോന്ന തൊഴിലിൽ നിന്നുള്ള വേതനം പെട്ടെന്നൊരു ദിവസം ഇല്ലാതാവുമ്പോൾ അവരുടെ ജീവിതം ദുസ്സഹമാവുകയും കുടുംബം പട്ടിണിയാവുകയും ചെയ്യുന്നു. അവർക്ക് നമ്മുടെ പ്രത്യേക കരുതലുണ്ടാകണം. അപ്രകാരമുള്ളവർക്ക് അവശ്യമായ സഹായം എത്തിക്കുവാൻ സർക്കാരിനൊടൊപ്പം നമുക്കും സഹകരിക്കാം.

കോവിഡ് 19 ന്റെ നിരീക്ഷണത്തിലുള്ളവരുടെ എണ്ണം വർദ്ധിച്ചിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ നാടിന്റെ സാമ്പത്തിക വ്യവസ്ഥിതി ഉയർത്തുവാൻ പരിശ്രമിച്ചിരുന്ന, നാട്ടിലേക്ക് തിരിച്ചെത്തിയ, വിദേശ മലയാളികളാണ് അവരിൽ ഒട്ടേറെപേർ. അവരുടെ ദുരവസ്ഥയിൽ അവരെ ഒറ്റപ്പെടുത്താതിരിക്കുവാൻ അവരുമായി നേരിട്ടല്ലാതെ ഫോണിലൂടെ നിരന്തരം സമ്പർക്കം പുലർത്തുവാൻ അവരുടെ ആവശ്യങ്ങളറിഞ്ഞ് സഹായിക്കുവാൻ നാം മുന്നോട്ടുവരണം. അതുപോലെ ജോലിക്കും പഠനത്തിനും മറ്റുമായി വിദേശത്ത് ഒറ്റപ്പെട്ടുകഴിയുന്നവരുമായി സമ്പർക്കം പുലർത്തുവാൻ അന്യനാട്ടിൽ ജീവന് ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന അവർക്ക് പ്രത്യാശയും ശക്തിയും പകർന്നു നൽകുവാൻ നാം പ്രത്യേകം ശ്രദ്ധിക്കണം.

അതീവ ആശങ്ക ഉണർത്തുന്ന കോവിഡ് 19 വ്യാപിക്കുന്ന പശ്ചാത്തലത്തിൽ നാം ദൈവ വിശ്വാസത്തിൽ ആഴപ്പെട്ട് പ്രാർത്ഥനയോടെ ദൈവത്തിങ്കലേക്ക് തിരിയണം. ദൈവം നമ്മെ കൈവിടുകയില്ല. "ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്" (ഏശയ്യ 41:10) എന്നരുൾചെയ്ത ദൈവത്തിന്റെ സാന്നിദ്ധ്യം തിരിച്ചറിയുവാൻ സാധിക്കണം. കൊറോണ വൈറസ്സിന്റെ വ്യാപനം തടയുവാൻ സാമൂഹിക അകൽച്ച പുലർത്തേണ്ടതുള്ളതുകൊണ്ട് ദൈവാലയത്തിലെ തിരുക്കർമ്മങ്ങൾ നമ്മുക്ക് ജനപങ്കാളിത്തത്തോടെ പരികർമ്മം ചെയ്യുവാൻ ഉതകുന്ന ഒരു സാഹചര്യം ഇല്ലാതായിരിക്കുകയാണ്. നമ്മുടെ ഭവനങ്ങൾ ദൈവാലയങ്ങളായി നാം മാറ്റണം. അവിടെ നിരന്തരം തിരുവചനവും പ്രാർത്ഥനകളും ഉയരണം. മാതാപിതാക്കൾ ദൈവവചനം പങ്കുവച്ച് നൽകുന്നതിനും പ്രാർത്ഥിക്കുന്നതിനും നേതൃത്വം നൽകണം. ദൈവവിശ്വാസമില്ലാത്ത, സമൂഹ നന്മ ലക്ഷ്യം വയ്ക്കാത്ത ചിലർ സാമൂഹ്യ-സമ്പർക്ക മാധ്യമങ്ങളിലൂടെ ദൈവവിശ്വാസത്തെ തള്ളിപറയുകയും അനാവശ്യമായ നിരീശ്വര ചിന്തകൾ വളർത്തുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രോഗ ഭീഷണിയിൽ ജാഗ്രത പുലർത്തുന്നതുപോലെ ഇപ്രകാരമുള്ളവരുടെ ജൽപ്പനങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമായ മുൻകരുതലുകൾ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓരോ ദിവസവും ചാനലുകളിലൂടെയും ഓൺലൈനുകളിലൂടെയും വി.കുർബ്ബാനയുടെ സംപ്രേക്ഷണം നടത്തുന്നുണ്ട്. വി.കുർബ്ബാനയിൽ പങ്കെടുക്കുവാൻ സാഹചര്യമില്ലാത്ത അവസ്ഥയിൽ ഈ മാധ്യമങ്ങളിലൂടെ പ്രേക്ഷകരിലേക്ക് എത്തുന്ന വി.കുർബ്ബാനയർപ്പണം പ്രയോജനപ്പെടുത്തുവാൻ എല്ലാവരും പരിശ്രമിക്കേണ്ടതാണ്. ഓൺലൈൻ കുർബ്ബാനയിൽ പങ്കെടുക്കുന്നതിന് വീട്ടിൽ കുടുംബപ്രാർത്ഥനയ്ക്കായി കൂടുന്ന സമയായിരിക്കും ഉചിതം. അവിടെ ഒരു മേശയിൽ വിരിയിട്ട് കുരിശും തിരികളും വി.ഗ്രന്ഥവും വയ്ക്കേണ്ടതാണ്. അതിനടുത്താണ് ഓൺലൈൻ ട്രാൻസ്മിഷൻ സ്വീകരിക്കുന്ന ഫോൺ അഥവാ കമ്പ്യൂട്ടർ അഥവാ ടെലിവിഷൻ വയ്ക്കേണ്ടത്. വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവർ ദൈവാലയത്തിൽ എത്തുന്നതുപോലെ നല്ല വസ്ത്രം ധരിച്ച് പങ്കെടുക്കുന്നത് ഉചിതമായിരിക്കും. ഓൺലൈൻ കുർബ്ബാനയിൽ പങ്കെടുക്കുന്ന സമയം മറ്റു ജോലികൾ ചെയ്യുന്നതും ഫോണിലൂടെ മറ്റുള്ളവരുമായി സംസാരിക്കുന്നതും ഒഴിവാക്കണം. സംപ്രേക്ഷണം ചെയ്യുന്ന കുർബ്ബാനയൊടൊപ്പം വീട്ടിലിരുന്ന് കുർബ്ബാനയിലെ സമൂഹത്തിന്റെ പ്രാർത്ഥനകൾ ചൊല്ലുകയും ഗാനങ്ങൾ ആലപിക്കുകയും ചെയ്യേണ്ടതാണ്. അതുപോലെ സമയാ

സമയങ്ങളിൽ എഴുന്നേറ്റു നിൽക്കുന്നതും മുട്ടുകുത്തുകയും ഇരിക്കുകയും ചെയ്യുന്നതും നന്നായിരിക്കും. വി.കുർബ്ബാന സ്വീകരണ സമയത്ത് അരൂപിക്കടുത്ത ദിവ്യകാരുണ്യ സ്വീകരണം നടത്തേണ്ടതാണ്. അതിനായി താഴെപറയുന്ന പ്രാർത്ഥന ഉപയോഗിക്കുന്നത് ഉചിതമായിരിക്കും. "ഓ എന്റെ ഈശോയെ, അങ്ങ് വി.കുർബ്ബാനയിൽ സത്യമായി എഴുന്നള്ളിയിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. എല്ലാ വസ്തുക്കളേയുംകാൾ ഞാൻ അങ്ങയെ സ്നേഹിക്കുകയും എന്റെ ആത്മാവിൽ അങ്ങയെ സ്വീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ദിവ്യ കൂദാശയിൽ അങ്ങയെ സ്വീകരിക്കുവാൻ ഇപ്പോൾ എനിക്ക് സാധിക്കാത്തതിനാൽ അരൂപിയിൽ എന്റെ ഹൃദയത്തിലേക്ക് അങ്ങ് എഴുന്നള്ളിവരേണമേ. അങ്ങ് എന്നിൽ സന്നിഹിതനാണെന്ന് വിശ്വസിച്ച് ഞാൻ അങ്ങയെ ആശ്ലേഷിക്കുകയും എന്നെ അങ്ങയോട് പൂർണ്ണമായി ഐക്യപ്പെടുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഒരിക്കലും അങ്ങയിൽ നിന്നകലുവാൻ എന്നെ അനുവദിക്കരുതേ, ആമ്മേൻ."

മാധ്യമങ്ങളിലൂടെയുള്ള ദിവ്യബലിയർപ്പണം അനുഭവവേദ്യമാക്കുവാൻ മുകളിൽ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുക. ഭവനത്തിൽ ഒരു ദേവാലയ അന്തരീക്ഷം സൃഷ്ടിക്കുവാനും കൊറോണ വൈറസ് ബാധയിൽ നിന്നും കുടുംബത്തിനും നാടിനും ലോകത്തിനും സംരക്ഷണം ലഭിക്കുവാൻ പ്രത്യേകം പ്രാർത്ഥിക്കുകയും വേണം.

ജപമാല, കുരിശിന്റ വഴി, കരുണകൊന്ത എന്നിവ ചൊല്ലുവാൻ ഓരോ ദിവസവും സമയം കണ്ടെത്തേണ്ടതാണ്. വി.ഗ്രന്ഥം ഒരു പ്രാവശ്യം പ്രാർത്ഥനാപൂർവ്വം വായിക്കുവാൻ നമുക്ക് ഈ കാലഘട്ടം വിനിയോഗിക്കാം. നിരാശപ്പെടാതെ ഉത്കണ്ഠയും ഭീതിയും അകറ്റി ദൈവത്തിൽ ആശ്രയിച്ച് പ്രത്യാശയോടെ കോവിഡ്-19 നെ അതിജീവിക്കാം. ദൈവം നമ്മോടുകൂടെയുണ്ട്. പീഢാസഹനത്തിനും മരണത്തിനും അപ്പുറം വിജയശ്രീലാളിതനായി ഉത്ഥാനം ചെയ്ത ക്രിസ്തുവിൽ ആശ്രയം വയ്ക്കാം. വലിയ ആഴ്ച്ചയുടെയും ഉത്ഥാന തിരുനാളിന്റെയും ഹൃദ്യമായ മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം നേരുന്നു. ദൈവം സമാധാനവും സന്തോഷവും പ്രത്യാശയും സൗഖ്യവും പ്രദാനം ചെയ്യട്ടെ.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

+ Pauly Kannookadan

ഇരിങ്ങാലക്കുട
24.03.2020

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

# ഇടയലേഖനം

324/20
16.03.2020

## പെസഹാവ്യാഴാചരണം :
### വൈദികപരിശീലനവും സിൽച്ചാർ മിഷൻ ദൗത്യങ്ങളും

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ, രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

*യേശുവിൽ പ്രിയ ബഹു. വൈദികരേ, സന്യാസിനീ സന്യാസികളേ, പ്രിയ മക്കളേ,*

2019 സെപ്തംബർ 10 മുതൽ 2020 സെപ്തംബർ 10 വരെ നമ്മുടെ രൂപതയിൽ ദൈവവിളി പ്രോത്സാഹനവർഷം ആചരിക്കുകയാണല്ലോ. "നിങ്ങൾക്ക് ലഭിച്ച വിളിക്ക് യോഗ്യമായ ജീവിതം നയിക്കുവിൻ" (എഫേ.4:1). നാലു ലക്ഷ്യങ്ങളാണ് ഈ ദൈവവിളി പ്രോത്സാഹനവർഷം കൊണ്ട് ഉദ്ദേശിക്കുന്നത്:

1. സുസ്ഥിതിയും ഭദ്രതയുള്ള ദാമ്പത്യബന്ധങ്ങൾ വളർത്തുവാൻ ശ്രമിക്കുക.
2. ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വത്തിന്റെയും പിതൃത്വത്തിന്റേയും കടമകൾ യഥാവിധം ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിക്കുക.
3. വൈദികരാകുവാൻ ദൈവവിളിയുള്ളവരെ പ്രോത്സാഹിപ്പിക്കുകയും പ്രചോദനം നൽകുകയും ചെയ്യുക.
4. സമർപ്പിത വൈദികർ, ബ്രദേഴ്സ്, സിസ്റ്റേഴ്സ് എന്നിവരാകുവാൻ താൽപര്യമുള്ളവർക്ക് ആവശ്യമായ പ്രോത്സാഹനവും പ്രചോദനവും നൽകുക.

ഈ ഓർമ്മപ്പെടുത്തലിനെ ജീവിതത്തോട് ചേർത്ത് വച്ച് കുടുംബജീവിതത്തിലും പൗരോഹിത്യ ജീവിതത്തിലും സമർപ്പിത ജീവിതത്തിലും സമ്പൂർണ്ണ സമർപ്പണം പൂർത്തിയാക്കുന്ന നന്മയുടെ അനുഗ്രഹമാകുവാൻ ഈ വർഷം നമുക്ക് വേദിയൊരുക്കുന്നു.

ഇന്ത്യയിലെ ഏറ്റവും വലിയ രൂപതയായ ഷംഷാബാദ് രൂപതയുടെ North Eastern മേഖലയിലെ സിൽച്ചാർ മിഷന്റെ ചുമതല

ഏൽപ്പിച്ചിരിക്കുന്നത് നമ്മുടെ ഇരിങ്ങാലക്കുട രൂപതയെയാണ്. മിസ്സോറാം (8 ജില്ലകൾ), ത്രിപുര (8 ജില്ലകൾ), എന്നീ സംസ്ഥാനങ്ങളും അസ്സമിലെ നാലു ജില്ലകളും ചേർന്ന് 20 ജില്ലകൾ ഉൾക്കൊള്ളുന്ന വിശാലമായ പ്രദേശമാണ് സിൽച്ചാർ മിഷൻ. സിൽച്ചാർ സീറോ മലബാർ കാത്തലിക് മിഷൻ എന്ന പേരിൽ മൂന്നു മേഖലകളായി (സിൽച്ചാർ, ഐസോൾ, കുമുലുങ്ങ്) തിരിച്ച് മിഷന്റെ പ്രവർത്തനങ്ങൾ 2019 ആഗസ്റ്റ് 15ന് വി.കുർബാനയോടെ ആരംഭം കുറിച്ചു. പ്രേഷിതവര്യനായ, വിജാതീയരുടെ അപ്പസ്തോലൻ എന്നറിയപ്പെടുന്ന വി. പൗലോസ് ശ്ലീഹായെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി സ്വീകരിച്ചിരിക്കുന്ന മിഷന്റെ ആദ്യ ഭവനം ത്രിപുരയിലെ കുമുലുങ്ങിൽ ഈശോയുടെ തിരുഹൃദയത്തിന്റെ നാമത്തിൽ ആരംഭിച്ചു. അടിസ്ഥാനപരമായ സൗകര്യങ്ങൾ പോലുമില്ലാത്ത ഈ പ്രദേശത്ത് അവിടത്തെ ഗ്രാമീണരോടൊപ്പം ഒരു കൊച്ചുവീട് വാടകക്കെടുത്ത് പരിമിതമായ സൗകര്യത്തിൽ നമ്മുടെ നാല് വൈദികരുടെ നേതൃത്വത്തിൽ കുടുംബകേന്ദ്രീകൃതമായ പ്രേഷിതപ്രവർത്തനങ്ങളും വിദ്യഭ്യാസരംഗത്തും സാമൂഹിക രംഗത്തും ആതുരശുശ്രൂഷാമേഖലകളിലും ഗോത്രവർഗ്ഗശാക്തീകരണ പദ്ധതികളുമായി സുവിശേഷ പ്രഘോഷണത്തിന്റെ പുത്തൻ രംഗവേദിയിൽ നമ്മുടെ രൂപത സജീവമായി കഴിഞ്ഞിരിക്കുന്നു. ഈ മിഷൻ പ്രവർത്തനത്തെ പ്രാർത്ഥനകൊണ്ടും സാമ്പത്തികമായും കൈപിടിച്ചുയർത്താൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

ക്രിസ്തുവിന്റെ മൗതികശരീരമാണ് സഭ. പല അവയവങ്ങളുണ്ടെങ്കിലും ശരീരം ഒന്നായിരിക്കുന്നതുപോലെ വൈവിധ്യങ്ങളുടെ മധ്യത്തിലും സഭ ഏകശരീരമാണ്. സഭയുടെ ആദ്ധ്യാത്മികഭക്ഷണം യേശുവിന്റെ ശരീരരക്തങ്ങളാണ്. "യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്" (യോഹ. 6:53-54). തന്റെ ശരീരരക്തങ്ങൾ നമുക്കായി ഭാഗിച്ചുതരുന്ന വി.കുർബാനയുടെ സ്ഥാപകദിനമാണല്ലോ പെസഹാവ്യാഴം. ഹൃദയപരിവർത്തനത്തോടെ യേശുവിന്റെ ശരീരരക്തങ്ങൾ നാം സ്വീകരിക്കുമ്പോൾ നാം യേശുവിൽ ഏകശരീരമായിത്തീരുകയാണ്. ഹൃദയപരിവർത്തനത്തിന് നമ്മെ സഹായിക്കുന്ന അനുരഞ്ജനകൂദാശയും യേശുവിന്റെ ശരീരരക്തങ്ങൾ നമുക്കായി ഭാഗിച്ചുതരുന്ന വി.കുർബാനയും ഇന്ന് പരികർമ്മം ചെയ്യുന്നത് പുരോഹിതരാണ് എന്ന് നമുക്കറിയാം. വി. കുർബാനയുടെ

എന്നതുപോലെ പൗരോഹിത്യത്തിന്റേയും സ്ഥാപകദിനം കൂടിയാണ് പെസഹാവ്യാഴം. ആയതിനാൽ സഭയിലെ പുരോഹിതരേയും വൈദിക വിദ്യാർത്ഥികളേയും പ്രത്യേകം ഓർക്കാനും പ്രാർത്ഥിക്കുവാനുമുള്ള ഒരവസരം കൂടിയാണ് ഈ ദിനം.

മാമ്മോദീസയും സൈഥര്യലേപനവും വഴി സഭാമക്കളെല്ലാവരും മിശിഹായുടെ പൊതുപൗരോഹിത്യത്തിൽ പങ്കുചേരുന്നു. ഇപ്രകാരം പൊതുപൗരോഹിത്യം സ്വീകരിച്ചവരിൽനിന്നും മിശിഹായുടെ പൗരോഹിത്യത്തിൽ പ്രത്യേകമാംവിധം പങ്കുചേരാൻ ശ്ലീഹന്മാരുടെ പിൻഗാമിയായ മെത്രാൻ തന്റെ കൈവെയ്പ്പു ശുശ്രൂഷവഴി തിരുപ്പട്ടം എന്ന കൂദാശയിലൂടെ ശുശ്രൂഷ പൗരോഹിത്യത്തിലേക്ക് ചിലരെ തെരഞ്ഞെടുക്കുന്നു. വിശുദ്ധീകരിക്കുക, പഠിപ്പിക്കുക, നയിക്കുക എന്നിങ്ങനെയുള്ള മിശിഹായുടെ പുരോഹിത, പ്രവാചക, രാജകീയ ദൗത്യങ്ങൾ തന്നെയാണ് ശുശ്രൂഷ പൗരോഹിത്യം സ്വീകരിക്കുന്നവരും പിന്തുടരുന്നത്. പുരോഹിതർ ദൈവജനത്തെ വിശുദ്ധീകരിച്ച് ദൈവവചനം പഠിപ്പിച്ച് ദൈവോന്മുഖരായി നയിക്കുന്നു. ഇത്തരത്തിലുള്ള ഗൗരവമേറിയ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ വേണ്ടി സുദീർഘമായ ഒരു പരിശീലനം ആവശ്യമാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇപ്രകാരം ഓർമ്മപ്പെടുത്തുന്നുണ്ട്- "വൈദിക വിദ്യാർത്ഥികൾക്ക് അവർ ശുശ്രൂഷ നിർവ്വഹിക്കുന്ന പ്രദേശങ്ങളിലെ അജപാലന ആവശ്യങ്ങൾക്കനുസരിച്ച് പരിശീലനം ലഭ്യമാക്കണം". (വൈദീക പരിശീലനം - 1)

നമ്മുടെ രൂപതയിൽ ഇപ്പോൾ ഡിഗ്രി പഠനത്തോടൊപ്പം 14 വർഷവും ഡിഗ്രിപഠനമില്ലാതെ 12 വർഷവും നീണ്ടുനിൽക്കുന്ന പരിശീലനം പൂർത്തിയാക്കിയതിനു ശേഷമാണ് ഒരു വൈദിക വിദ്യാർത്ഥി ശുശ്രൂഷ പൗരോഹിത്യം സ്വീകരിക്കുക. ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരിയിലെ +2 വിദ്യാഭ്യാസം ഉൾച്ചേർത്തിട്ടുള്ള 3 വർഷത്തെ പരിശീലനത്തിനുശേഷം ആളൂർ തിരുഹൃദയ സെമിനാരിയിലെ 1 വർഷത്തെ പരിശീലനവും തുടർന്ന് അഷ്ടമിച്ചിറ ജോൺ പോൾ സെമിനാരിയിലെ ഡിഗ്രി പഠനത്തോടുകൂടിയ 3 വർഷത്തെ പരിശീലനവും കഴിഞ്ഞശേഷം തത്ത്വശാസ്ത്ര പഠനത്തിനായി വിവിധ മേജർ സെമിനാരികളിലേയ്ക്ക് പോകുന്നു. തത്ത്വശാസ്ത്ര പഠനത്തിനുശേഷം 1 വർഷം പ്രായോഗിക പരിശീലന കാലഘട്ടമാണ്. അതിനെത്തുടർന്ന് 4 വർഷത്തോളം നീണ്ടുനിൽക്കുന്ന ദൈവശാസ്ത്ര പഠനത്തിനുശേഷമാണ് ഒരു വ്യക്തി തിരുപ്പട്ടം എന്ന കൂദാശ സ്വീകരിക്കുന്നത്. ആലുവ, കോട്ടയം, തൃശ്ശൂർ, കുന്നോത്ത്,

പൂന, റോം എന്നിവിടങ്ങളിലുള്ള മേജർ സെമിനാരികളിലേയ്ക്കാണ് തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾക്കായി നമ്മുടെ രൂപതയിൽ നിന്നും വൈദിക വിദ്യാർത്ഥികളെ ഇപ്പോൾ അയയ്ക്കുന്നത്.

പൗരോഹിത്യത്തിന്റെ വിവിധ പരിശീലന ഘട്ടങ്ങളിലായി 103 വൈദിക വിദ്യാർത്ഥികളാണ് നമ്മുടെ രൂപതയ്ക്കുവേണ്ടി പരിശീലനം നേടിക്കൊണ്ടിരിക്കുന്നത്. ഇവരുടെ പഠനം, ഭക്ഷണം, താമസം എന്നിവയ്ക്കായ് ഒരു വ്യക്തിക്ക് പ്രതിവർഷം 80,000 രൂപയോളം ചെലവ് വരുന്നുണ്ട്. അങ്ങനെ വൈദികപരിശീലനത്തിനുവേണ്ടി മാത്രം പ്രതിവർഷം 80 ലക്ഷം രൂപയോളം രൂപത കണ്ടെത്തേണ്ടതുണ്ട്. വിദേശരാജ്യങ്ങളിൽ നിന്നുള്ള സഹായങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ രൂപതയിലെ ദൈവജനത്തിന്റെ സഹകരണത്തോടുകൂടി മാത്രമേ ഈ ചെലവുകൾ നിറവേറ്റുവാൻ നമുക്കു സാധിക്കുകയുള്ളൂ. പൗരോഹിത്യത്തിന്റെയും വി. കുർബാനയുടെയും സ്ഥാപന ദിവസമായ പെസഹാവ്യാഴാഴ്ച കുർബാനമദ്ധ്യേ വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനും പുതിയതായി ആരംഭിച്ച സിൽച്ചാർ മിഷനും വേണ്ടിയുള്ള പെസഹാവ്യാഴം സ്തോത്രക്കാഴ്ചയ്ക്കായി ഓരോ കുടുംബത്തിന്റെയും ത്യാഗപൂർണ്ണമായ സമർപ്പണങ്ങൾ നിക്ഷേപിച്ചിട്ടുള്ള കവറുകൾ സ്വീകരിക്കുവാൻ വേണ്ട സജ്ജീകരണങ്ങൾ നടത്തുകയും ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ ഓരോ ഇടവകകളും ദൈവജനവും നൽകിയ ആത്മാർത്ഥമായ സഹകരണങ്ങളും ത്യാഗങ്ങളുമാണ് വൈദിക പരിശീലനത്തിന് എന്നും കരുത്തായിട്ടുള്ളത്. ഈ വർഷം വൈദികപരിശീലനത്തോടൊപ്പം പുരോഗമനം കടന്നുചെന്നിട്ടില്ലാത്ത ഗോത്രഗ്രാമങ്ങളിൽ അവരുടെ ഭാഷയിൽ സംസ്കാരവും മനസ്സിലാക്കി ക്രിസ്തുവിനെ പകർന്നുകൊടുക്കുന്ന ഈ മിഷൻ ദൗത്യത്തിലും ഏവരുടെ ആത്മാർത്ഥമായ സഹകരണം ഉണ്ടാകുമല്ലോ. ഇപ്രകാരം ഓരോ ഇടവകകളിൽ നിന്നും സമാഹരിക്കുന്ന തുക സാധിക്കുന്നിടത്തോളം 2020 ഏപ്രിൽ മാസത്തിൽതന്നെ രൂപതാകാര്യാലയത്തിൽ ഏൽപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാരും കൈക്കാരന്മാരും ശ്രദ്ധിക്കുമല്ലോ.

വൈദികപരിശീലനത്തെ മുൻനിറുത്തി വൈദികവിദ്യാർത്ഥികളെ സഹായിക്കുന്നതിനായി രൂപതാതലത്തിൽ 'വൈദിക വിദ്യാർത്ഥി സഹായസംഘം' എന്ന പേരിൽ ഒരു സൊസൈറ്റിയും പ്രവർത്തിക്കുന്നുണ്ട്. 25,000 രൂപയിൽ കുറയാത്ത ഒരു സംഖ്യ 'ബേഴ്സ്' ആയി നിങ്ങളുടെ വികാരിയച്ചന്മാർ വഴിയോ അല്ലെങ്കിൽ രൂപത മൈനർ സെമിനാ

രിയിൽ നേരിട്ടോ നൽകിയാൽ അതിന്റെ സ്ഥിരനിക്ഷേപ പലിശകൊണ്ട് ഒരു വൈദികവിദ്യാർത്ഥിയുടെ ചെലവ് ഭാഗികമായി നിറവേറ്റാനാവും. ഈ സ്ഥിതിവിശേഷം മനസ്സിലാക്കി മുൻവർഷങ്ങളിൽ നിങ്ങൾ ഔദാര്യപൂർവ്വം കാണിച്ച വലിയ സഹകരണത്തിനും അതിന് പ്രോത്സാഹനം നൽകിയ വികാരിയച്ചന്മാർക്കും, കൈക്കാരന്മാർക്കും, കമ്മിറ്റി അംഗങ്ങൾക്കും, സമർപ്പിതർക്കും ആത്മാർത്ഥമായ നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

പ്രിയമുള്ളവരേ, "വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ. 9: 37-38) എന്നരുളിചെയ്ത ദിവ്യനാഥന്റെ വാക്കുകളിൽ ആശ്രയം വച്ചുകൊണ്ട് ഈ ദൈവവിളി പ്രോത്സാഹവർഷത്തിൽ ധാരാളം വൈദിക-സമർപ്പിത ദൈവവിളികളുണ്ടാകുന്നതിനും, ദമ്പതികൾ തങ്ങളുടെ ജീവിതം സുസ്ഥിരമായി നിലനിർത്തുന്നതിനും, മാതാപിതാക്കൾ ഉത്തരവാദിത്വത്തോടെ അവരുടെ കടമകൾ നിർവ്വഹിക്കുന്നതിനും ദൈവം അനുഗ്രഹിക്കട്ടെ. നമ്മുടെ ഇടവകകളിൽ ബലിയർപ്പണം നടത്താനും സുവിശേഷം പ്രഘോഷിക്കാനും മറ്റു കൂദാശകൾ പരികർമ്മം ചെയ്യാനും അജപാലന ശുശ്രൂഷയ്ക്കുമായി പൗരോഹിത്യം സ്വീകരിക്കുന്ന വൈദിക വിദ്യാർത്ഥികളെ നിങ്ങളുടെ മക്കളായി പരിഗണിച്ചുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളികളെ പ്രോത്സാഹിപ്പിക്കാനും അവരുടെ പരിശീലനത്തിൽ നിങ്ങളാൽ കഴിയുന്നവിധം സഹകരിക്കാനും ഒപ്പം ഇരിങ്ങാലക്കുട രൂപതയുടെ പുതിയ ദൗത്യമായ സിൽചാർ മിഷനുവേണ്ടി പ്രാർത്ഥിക്കുവാനും നന്മയുടെ കരങ്ങളാൽ സഹകരിക്കുവാനും ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ദൈവവിളി പ്രോത്സാഹനവർഷത്തിൽ ദൈവം നല്കിയ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞ്, ഒരേ ആത്മാവിൽ ഏകശരീരമായി കൂട്ടായ്മയിൽ ജീവിച്ച്, ക്രിസ്തുവിന്റെ സുവിശേഷം ലോകം മുഴുവൻ പ്രഘോഷിക്കുവാൻ നിങ്ങൾക്കേവർക്കും സാധിക്കട്ടെ.

ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിച്ചുകൊണ്ട്,

+ Pauly Kannookadan

ഇരിങ്ങാലക്കുട — **മാർ പോളി കണ്ണൂക്കാടൻ**

24.03.2020 — ഇരിങ്ങാലക്കുട രൂപത മെത്രാൻ

**NB:-** 2020 മാർച്ച് 29-ാം തിയ്യതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കുവാൻ നൽകപ്പെട്ടത്.

## സർക്കുലർ 1

304/20
10.03.2020

## കൊറോണ വൈറസ്: ജാഗ്രത തുടരാം, പ്രാർത്ഥിക്കാം

പ്രിയ സഹോദരവൈദികരെ, സ്നേഹസമർപ്പിതരെ, വാത്സല്യ അത്മായ സഹോദരരെ, ദൈവകൃപയും സമാധാനവും ഈ നോമ്പുകാലഘട്ടത്തിൽ ഞാൻ സ്നേഹപൂർവ്വം നേരുന്നു.

കൊറോണ വൈറസ് ലോകമെമ്പാടും ഭീതിവളർത്തുന്ന വിവരം നിങ്ങൾക്കറിയാമല്ലോ. ചൈനയിലെ വുഹാൻ നഗരത്തിൽ കണ്ടെത്തിയ പുതിയ ഇനം കൊറോണ വൈറസ് ഇതിനോടകം ഇന്ത്യയടക്കം 78 രാജ്യങ്ങളിലേക്കു വ്യാപിക്കുകയും മരണസംഖ്യ 3893 ആയി ഉയരുകയും ചെയ്തിട്ടുള്ള പശ്ചാത്തലത്തിൽ, ഏവരുടെയും പ്രാർത്ഥനയും ജാഗ്രതയും ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പരസ്പരം ഭീതിയും പരിഭ്രമവും പരത്തുകയല്ല, ആവശ്യമായ മുൻകരുതലുകളെടുക്കുകയും രോഗപ്രതിരോധ നടപടികൾ സ്വീകരിച്ച് ജാഗ്രത പാലിക്കുകയുമാണ് ആവശ്യം. രോഗം പടരാതിരിക്കുന്നതിന് കേന്ദ്രത്തിന്റെയും കേരളത്തിന്റെയും ആരോഗ്യവകുപ്പു നല്കിയിട്ടുള്ള മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും കൃത്യമായി പാലിക്കാൻ എല്ലാവരും ശ്രദ്ധവയ്ക്കണം. രോഗാണുക്കൾ വേഗത്തിൽ നിയന്ത്രണവിധേയമാകുന്നതിനും, കൂടുതൽ ആളുകളിലേക്കും രാജ്യങ്ങളിലേക്കും രോഗം പടരാതിരിക്കുന്നതിനും നമ്മുടെ ജീവന്റെ കർത്താവും നാഥനുമായ ദൈവത്തോട് പ്രാർത്ഥിക്കണം. നമ്മുടെ യാത്രകളെയും പ്രവർത്തനശൈലികളെയും ശ്രദ്ധാപൂർവ്വം നിയന്ത്രിക്കുകയും പരമിതപ്പെടുത്തുകയും ചെയ്യണം.

സി. ബി. സി. ഐ. പ്രസിഡന്റ് കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് പിതാവും കെ.സി.ബി.സി. പ്രസിഡന്റ് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവും നൽകിയ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ താത്ക്കാലികമായി നൽകുന്ന നിബന്ധനകൾ നമ്മുടെ രൂപതയിൽ നടപ്പിൽ വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു:

1. വി. കുർബ്ബാന കൈകളിൽ സ്വീകരിക്കേണ്ടതാണ്. നാവിൽ സ്വീകരിക്കുന്ന രീതിയും ഇരുസാദൃശ്യങ്ങളിൽ നൽകുന്ന രീതിയും താത്ക്കാലികമായി വേണ്ടെന്ന് വയ്ക്കുക.
2. ഹസ്തദാനം ഒഴിവാക്കുക. സമാധാനാശംസ കൈകൾകൂപ്പി പരസ്പരം സ്പർശിക്കാതെ കൈമാറുക.

3. വിശുദ്ധജലം ദേവാലയ കവാടങ്ങളിൽ വയ്ക്കുന്ന പതിവ് താത്ക്കാലികമായി നിർത്തുക.
4. തിരുശേഷിപ്പുകൾ, രൂപങ്ങൾ എന്നിവ ഭക്തിയോടെ ചുംബിക്കുന്നതും മതമേലദ്ധ്യക്ഷൻമാരുടേയും വൈദികരുടേയും കൈകൾ ബഹുമാനപൂർവ്വം ചുംബിക്കുന്നതും ഒഴിവാക്കി കൈകൾ കൂപ്പി വണങ്ങി ആചാരം ചെയ്യുക. ശിരസ്സിൽ കുരിശുവരച്ച് നൽകുന്ന ആശീർവ്വാദങ്ങൾ ഒഴിവാക്കുക.
5. നോമ്പുകാലത്തെ വെള്ളിയാഴ്ചകൾ ഉപവാസ പ്രാർത്ഥനാദിനമായി ആചരിച്ച് ഈ വിപത്തിൽനിന്ന് മനുഷ്യമക്കളെ രക്ഷിക്കുന്നതിനു വേണ്ടി പ്രാർത്ഥിക്കുക.
6. മതപരമായും സാമൂഹികവുമായുള്ള എല്ലാ ഒത്തുകൂടലുകളിലും ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് ആവശ്യമായ മുൻകരുതലുകളും ജാഗ്രതയും പുലർത്തുക.

രോഗം ബാധിച്ചവരെയും നിരീക്ഷണത്തിലായിരിക്കുന്നവരെയും ശുശ്രൂഷിക്കുന്ന ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും നമ്മുടെ പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കാം. നമ്മുടെ കുടുംബങ്ങളിലും പ്രാർത്ഥനാക്കൂട്ടായ്മകളിലും ഇടവക-സന്യാസഭവനങ്ങളിലും കൊറോണ വൈറസ് ബാധയിൽ നിന്നുള്ള സംരക്ഷണത്തിനായി ഇതോടൊപ്പം നല്കിയിരിക്കുന്ന പ്രാർത്ഥന ചൊല്ലണമെന്നും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം അപേക്ഷിക്കണമെന്നും എല്ലാ വിശ്വാസികളോടും ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

യേശുവിൽ സ്നേഹപൂർവ്വം,
നിങ്ങളുടെ പിതാവ്

ഇരിങ്ങാലക്കുട
രൂപതാഭവനം

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

NB : 2020 മാർച്ച് 15 ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും ദിവ്യബലിയർപ്പിക്കപ്പെടുന്ന എല്ലാസ്ഥാപനങ്ങളിലും വായിക്കുവാൻ നൽകപ്പെട്ടത്.

309/20
11.03.2020

## സർക്കുലർ 2
## കൊറോണ വൈറസ് :
## മുൻ കരുതലുകളും ചില പ്രായോഗിക നിർദ്ദേശങ്ങളും

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളെ, സ്നേഹമുള്ള സമർപ്പിതരെ, അത്മായ സഹോദരങ്ങളേ,

"കൊറോണ വൈറസ് : ജാഗ്രത തുടരാം പ്രാർത്ഥിക്കാം" എന്ന പേരിൽ ഇന്നലെ (10.03.2020) 304/20 കല്പന പ്രകാരം രൂപതാഭവന ത്തിൽ നിന്നും കൊറോണ വൈറസ് വ്യാപനത്തിന്റെ നിയന്ത്രണത്തിന് ആവശ്യമായ ചില അടിയന്തിര മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു വല്ലോ. പൊതുവായി ഉയർന്നു വന്ന സംശയങ്ങളുടെ അടിസ്ഥാനത്തിൽ അതിന് അനുബന്ധമായി ഇക്കാര്യത്തെകുറിച്ച് ചില പുതിയ നിർദ്ദേശ ങ്ങൾ കൂടെ ഈ സർക്കുലർ വഴി അറിയിക്കു കയാണ്.

10.03.2020 ലെ കേരള ഗവൺമെന്റിന്റെ മന്ത്രിസഭ തീരുമാനത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി പ്രധാനമായി 2020 മാർച്ച് 31-ാം തിയ്യതി വരെ ഇടവകകളിലെ ഊട്ടുനേർച്ചകൾ, തിരുനാളുകൾ, ധ്യാനങ്ങൾ, കുടുംബയൂണിറ്റ് മീറ്റിങ്ങുകൾ, വിശ്വാസപരിശീലന ക്ലാസ്സുകൾ, കൺവെൻഷനുകൾ, പൊതുവായി നടത്തപ്പെടുന്ന 'കുരിശിന്റെ വഴി', തീർത്ഥാടനങ്ങൾ, പ്രീകാന കോഴ്സുകൾ എന്നിവ ഉൾപ്പെടെ സാധിക്കുന്ന എല്ലാ ഒത്തുചേരലുകളും ആഘോഷങ്ങളും ഒഴിവാക്കേണ്ടതാണ്. അതുപോലെ ഈ കാലയളവിൽ രൂപതാതല ത്തിലും ഇടവകാതലത്തിലും ആദ്യകുർബ്ബാന സ്വീകരണ ക്ലാസ്സുകളും, പൊതു ക്ലാസ്സുകളും സെമിനാറുകളും മാറ്റി വയ്ക്കുവാനും ശ്രദ്ധിക്കു മല്ലോ.

2020 മാർച്ച് മാസത്തിൽ നമ്മുടെ രൂപതയിൽ നടത്തുവാൻ ക്രമീകരിച്ചി രുന്ന താഴെ പറയുന്ന സംഗമങ്ങളും മീറ്റിങ്ങുകളും നടത്തു ന്നതല്ലായെന്ന് ഈ സർക്കുലർ മുഖേന അറിയിക്കുന്നു.

1. പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങ്, മാർച്ച് 14 (ശനി), രൂപതാഭവനം, ഇരിങ്ങാലക്കുട
2. രൂപത ഏകോപനസമിതി ധ്യാനം, മാർച്ച് 14,15 (ശനി, ഞായർ) പാക്സ്, കല്ലേറ്റുംകര
3. സിവിൽ സർവ്വീസ് പരിശീലന ക്ലാസ്സുകൾ, മാർച്ച് 14 (ശനി) സഹൃദയ എഞ്ചിനീയറിങ്ങ് കോളേജ്, കൊടകര
4. എംപറർ ഇമ്മാനുവേലിൽ നിന്നും കത്തോലിക്കാസഭയിലേക്ക് തിരിച്ചുവന്നവരുടെ "നോമ്പുകാല സ്നേഹസംഗമം", മാർച്ച് 16 (തിങ്കൾ), ബി.എൽ.എം., ആളൂർ
5. Accountant's Meet 2020, മാർച്ച് 21 (ശനി), രൂപതാഭവനം,

ഇരിങ്ങാലക്കുട

6. വൈദികാർത്ഥികളുടെ കുടുംബോത്സവ്, മാർച്ച് 26,27,28,29 (വ്യാഴം, വെള്ളി, ശനി, ഞായർ), സെന്റ് ജോസഫ്സ് ചർച്ച്, വീരഞ്ചിറ
7. Christian Minority Rights forum ഔദ്യോഗിക ഉദ്ഘാടനം - മാർച്ച് 29 (ഞായർ), രൂപതാഭവനം, ഇരിങ്ങാലക്കുട
8. കനകമല കുരിശുമുടി തീർത്ഥാടനം - മാർച്ച് 31 വരെ
9. ഇടവക വാർഷിക ധ്യാനങ്ങൾ: ഗ്രേസ് ഫെസ്റ്റുകൾ - മാർച്ച് 31 വരെ
10. Missio 2020 യൂത്ത് കൺവെൻഷൻ - ഏപ്രിൽ 2,3,4- (വ്യാഴം, വെള്ളി, ശനി), ഡിവൈൻ റിട്രീറ്റ് സെന്റർ, മുരിങ്ങൂർ

കൊറോണ വൈറസ് രോഗബാധ പകരാൻ ഇടയുള്ള ഏതെങ്കിലും സാഹചര്യങ്ങളുമായി സമ്പർക്കം വന്നിട്ടുള്ളവരും (ഉദാ: വിദേശ യാത്ര), രോഗലക്ഷണങ്ങളുണ്ടോ എന്ന് സംശയിക്കുന്നവരും ദൈവാലയത്തിലേത് ഉൾപ്പെടെയുള്ള പൊതുപരിപാടികളിൽനിന്നും താത്ക്കാലികമായി മാറി നിൽക്കേണ്ടതും വൈദ്യ പരിശോധനയ്ക്ക് വിധേയരാകേണ്ടതുമാണ്.

"തന്റെ നിത്യമഹത്വത്തിലേക്ക് ക്രിസ്തുവിൽ നിങ്ങളെ വിളിച്ചിരിക്കുന്ന അനുഗ്രഹദാതാവായ ദൈവം നിങ്ങളെ അല്പകാലത്തെ സഹനത്തിനു ശേഷം പൂർണ്ണരാക്കുകയും സ്ഥിരീകരിക്കുകയും ശക്തരാക്കുകയും ചെയ്യും" (1 പത്രോസ് 5:10). വലിയ നോമ്പിന്റെ ചൈതന്യത്തിൽ യേശു ദിനരാത്രങ്ങൾ മരുഭൂമിയിൽ പ്രാർത്ഥിച്ച് ഉപവസിച്ച് ആത്മാവിൽ ശക്തിപ്പെട്ടതുപോലെ ഈ നാളുകളിൽ വ്യക്തികേന്ദ്രീകൃതമായ ഉപവാസം, വചനവായന, ജപമാല, വി. കുരിശിന്റെ വഴി തുടങ്ങിയ ആത്മീയ ശുശ്രൂഷകളിലൂടെ നമുക്ക് പരസ്പരം ആത്മീയ ഊർജ്ജം പകരുകയും കൊറോണ വൈറസ് പകർച്ച വ്യാധിക്കെതിരെ പ്രാർത്ഥിക്കുകയും ചെയ്യാം.

N.B. മുകളിൽ പറഞ്ഞകാര്യങ്ങൾ എല്ലാം താത്ക്കാലിക സംവിധാനങ്ങളാണെന്ന കാര്യം അറിയിക്കുകയാണ്. കൊറോണയുടെ വ്യാപനം നിയന്ത്രണത്തിലാകുന്നതോടെ ഏറ്റവും വേഗത്തിൽ നമ്മൾ സഭാജീവിതത്തിന്റെ സാധാരണതയിലേക്ക് കടക്കുമെന്ന് ഓർമ്മിപ്പിക്കുന്നു. ദൈവാനുഗ്രഹം ഏവർക്കും ആശംസിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

ഇരിങ്ങാലക്കുട **മാർ പോളികണ്ണൂക്കാടൻ**
രൂപതാഭവനം ഇരിങ്ങാലക്കുട രൂപത മെത്രാൻ

**NB:** 2020 മാർച്ച് 15 ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും ദിവ്യബലിയർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുവാൻ നൽകപ്പെട്ടത്.

316/20
14.03.2020

## സർക്കുലർ 3

### കൊറോണ വൈറസ് :
### മുൻ കരുതലുകളും ചില പ്രായോഗിക നിർദ്ദേശങ്ങളും

മിശിഹായിൽ പ്രിയ സഹോദര വൈദികരെ, സ്നേഹമുള്ള സമർപ്പിതരെ, അത്മായ സഹോദരങ്ങളേ,

കൊറോണ വൈറസിന്റെ വ്യാപനം വർദ്ധിക്കുന്നതിനാൽ, ജനങ്ങൾ ഒന്നിച്ചു കൂടുന്നത് ഒഴിവാക്കുവാൻ സർക്കാരിൽനിന്നും കർശന നിർദ്ദേശം ലഭിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ നമ്മുടെ പള്ളികളിലെ കൂർബ്ബാനകളുടെ എണ്ണം വർദ്ധിപ്പിച്ചു കൂർബ്ബാനയിൽ പങ്കെടുക്കുന്നവരുടെ എണ്ണം കുറയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. പനിയോ, ചുമയോ, ജലദോഷമോ, ശ്വാസമുട്ടോ ഉള്ളവരോ, വീടുകളിൽ ഐസോലേഷനിൽ കഴിയുന്നവരോ വിദേശത്തുനിന്നും ഈ അടുത്ത ദിനങ്ങളിൽ വന്നിട്ടുള്ളവരോ ആയ വിശ്വാസികൾ ദൈവാലയത്തിൽ വി. കുർബ്ബാനയിൽ പങ്കെടുക്കരുതെന്ന് സ്നേഹപൂർവ്വം നിർദ്ദേശം നൽകുമല്ലോ. മുൻ സർക്കുലറിൽ (മാർച്ച് 10, 11) സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ ഗൗരവപൂർവ്വം എടുത്തു വി. കുർബ്ബാന ഒഴികെയുള്ള എല്ലാ ഒത്തുകൂടലുകളും ഒഴിവാക്കുവാൻ കർശനമായി നിർദ്ദേശം നൽകണം. കൊറോണ വൈറസ് ബാധിച്ച രോഗികൾക്ക് സൗഖ്യം ലഭിക്കുന്ന തിനും, രോഗത്തിന് പ്രതിവിധി കണ്ടുപിടിക്കുന്നതിനും, ഈ രോഗത്തെ ആഗോളതലത്തിൽ ഉന്മൂലനം ചെയ്യുന്നതിനും വി. കുർബ്ബാനയിലും, കുടുംബ പ്രാർത്ഥനയിലും പ്രത്യേകം നിയോഗം സമർപ്പിച്ച് പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ഓർമ്മപ്പെടുത്തേണ്ടതാണ്.

യേശുവിൽ സ്നേഹപൂർവ്വം,

ഇരിങ്ങാലക്കുട
രൂപതാഭവനം

**മാർ പോളികണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

**എല്ലാവർക്കും, സമാധാനത്തിന്റെയും ശാന്തിയുടേയും ഓർമ്മ കൊണ്ടാടുന്ന ഉത്ഥാന തിരുനാളിന്റെ പ്രാർത്ഥനാ പൂർവ്വമായ ആശംസകൾ സ്നേഹപൂർവ്വം നേരുന്നു.**

336/20
18.03.2020

# സർക്കുലർ 4

## കൊറോണ വൈറസ് :
## മുൻ കരുതലുകളും ചില പ്രായോഗിക നിർദ്ദേശങ്ങളും

മിശിഹായിൽ പ്രിയ സഹോദര വൈദികരെ, സ്നേഹമുള്ള സമർപ്പിതരെ, അത്മായ സഹോദരങ്ങളേ,

കൊറോണ വൈറസ് ലോകമെമ്പാടും വ്യാപിക്കുന്നതോടൊപ്പം കേരളത്തിലും പ്രത്യേകിച്ച് നമ്മുടെ ജില്ലയിലും സ്ഥിരീകരിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ, ഇതിനെ തടയുന്നതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും മുൻകരുതൽ എടുക്കുകയും വേണം; നമ്മുടെ ദൈവാലയങ്ങളിൽ നടത്തപ്പെടുന്ന വി. കർബ്ബാനയിൽ പങ്കെടുക്കുന്ന വരുടെ എണ്ണം നിയന്ത്രിക്കേണ്ടതായും വന്നിരിക്കുന്നു.

മുഖ്യമന്ത്രിയും ആരോഗ്യവകുപ്പും പോലീസ് അധികാരികളും നൽകുന്ന പൊതു നിർദ്ദേശങ്ങൾക്കനുസരിച്ചും കെ.സി.ബി.സി.യുടെ 18.03.2020 ന് നൽകപ്പെട്ട പ്രത്യേക സർക്കുലറിന്റെ അടിസ്ഥാനത്തിലും, ദൈവാലയത്തിൽ വി. കുർബ്ബാനയ്ക്ക് വലിയ ആൾക്കൂട്ടം ഉണ്ടാകാതെ അമ്പതിൽ കൂടാതെയുള്ള ആരാധനാസമൂഹമായി വി. കുർബ്ബാന അർപ്പിക്കുന്നതിനുള്ള സാഹചര്യം ഏർപ്പെടുത്തേണ്ടതാണ്. ഒറ്റപ്പെട്ട ചിലയിടങ്ങളിൽ പോലീസ് നേരിട്ട് വന്ന് ഈ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ മുൻ സർക്കുലറുകളിൽ (മാർച്ച് 10, 11, 14) നിർദ്ദേശിച്ച കാര്യങ്ങൾക്ക് പുറമെ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി കർശനമായി പാലിയ്ക്കപ്പെടുവാൻ ആഹ്വാനം ചെയ്യുന്നു:

1. ‘15’ വയസ്സിൽ താഴെയുള്ള കുട്ടികളും ‘60’ വയസ്സിൽ മേലെയുള്ള വരും ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ഞായറാഴ്ച ഉൾപ്പെടെയുള്ള ദിവസങ്ങളിലെ വി. കുർബ്ബാനകളിൽ പങ്കെടുക്കേണ്ടതില്ല.
2. പള്ളികളിൽ വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവരുടെ എണ്ണം കുറയ്ക്കുവാനും വി. കുർബ്ബാനയിൽ പങ്കെടുക്കുവാൻ നിൽക്കുന്നവർ തമ്മിൽ ഒരു മീറ്ററെങ്കിലും അകലം പാലിക്കുവാനും ശ്രദ്ധിക്കുക.
3. ‘15’ വയസ്സിനും ‘60’ വയസ്സിനും ഇടയിലുള്ളവർ എല്ലാ ദിവസവും വി. കുർബ്ബാനയിൽ പങ്കുകൊള്ളുവാൻ വന്നാൽ മേൽപ്പറഞ്ഞ നിയമം പാലിക്കാൻ സാധിക്കാതെ വരുമെന്നതിനാൽ അവർ ആഴ്ച യിലൊരിക്കൽ മാത്രം പങ്കെടുത്താൽ മതി എന്ന് അറിയിക്കുന്നു.
4. വി. കുർബ്ബാനയിൽ പങ്കെടുക്കുവാൻ സാധിക്കാത്ത ദിവസങ്ങളിൽ വി. കുർബ്ബാനയുടെ സമയത്ത് സ്വന്തം ഭവനങ്ങളിൽതന്നെ ജപമാല ചൊല്ലിയും ‘കുരിശിന്റെ വഴി’ നടത്തിയും കരുണക്കൊന്ത ചൊല്ലിയും പ്രാർത്ഥിക്കേണ്ടതാണ്.
5. ബൈബിൾ വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്. സാധിക്കുമെങ്കിൽ ‘പുതിയ നിയമം’ മുഴുവനും പ്രാർത്ഥനാപൂർവ്വം

വായിക്കുവാൻ ഈ കാലഘട്ടത്തിൽ അവസരം കണ്ടെത്തേണ്ടതാണ്.

6. വി. കുർബ്ബാന ഓൺലൈനിലും ടിവി ചാനലുകളിലും കാണുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഈ സൗകര്യം ഉപയോഗപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ.
7. വ്യക്തികളായി വന്ന് പ്രാർത്ഥിക്കുന്നതിനുള്ള സൗകര്യം നൽകുവാൻ എല്ലാ ദൈവാലയങ്ങളും പതിവുപോലെ തുറന്നിടേണ്ടതാണ്.
8. സാധിക്കുന്ന എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന എഴുന്നള്ളിച്ചുവച്ച് ചെറിയ ഗ്രൂപ്പുകളിൽ ആരാധന നടത്തി കൊറോണ വൈറസ് ബാധയിൽ നിന്ന് ലോകജനതയെ രക്ഷിക്കുവാൻ എല്ലാവരും തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടതാണ്.
9. കെ.സി.ബി.സി. യുടെ നിർദ്ദേശമനുസരിച്ച് 2020 മാർച്ച് 27-ാം തിയ്യതി നമ്മുടെ രൂപതയിലും പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്. അന്നേദിവസം ഉപവാസമനുഷ്ഠിക്കുന്നത് നന്നായിരിക്കും
10. പനിയോ, ചുമയോ, ജലദോഷമോ, ശ്വാസതടസ്സമോ ഉള്ളവർ, വീടുകളിൽ ഐസോലേഷനിൽ കഴിയുന്നവർ, വിദേശത്ത് പഠനത്തിലും ജോലിയിലും ആയിരുന്നവരും മാർച്ച് മാസം ഒന്നാം തിയ്യതിയ്ക്കുശേഷം വിദേശത്തുനിന്ന് നാട്ടിലേക്ക് എത്തിച്ചേർന്നവർ, അവരുടെ കുടുംബാംഗങ്ങൾ തുടങ്ങിയവർ ഞായറാഴ്ച ഉൾപ്പെടെ ദൈവാലയങ്ങളിലുള്ള വി. കുർബ്ബാനകളിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.
11. മാർച്ച് 31 വരെ കുമ്പസാരം എന്ന കൂദാശ അത്യാവശ്യമുള്ളവർ മാത്രം സ്വീകരിക്കുക. കുമ്പസാരവേളകളിൽ ആരോഗ്യപരമായ മുൻകരുതലുകളും അകലവും പാലിക്കേണ്ടതാണ്. പൊതു കുമ്പസാരക്കൂട് ഒഴിവാക്കുന്നത് ഈ അവസരത്തിൽ അഭികാമ്യമായിരിക്കും.
12. പള്ളിയിൽ വരുന്നവർ പള്ളിയ്ക്ക് അകത്തും പുറത്തും ഒരു മീറ്ററെങ്കിലും അകലം പാലിയ്ക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാനും അതുവഴി കൊറോണ വൈറസിന്റെ വ്യാപനം നമ്മുടെ സമൂഹങ്ങളിൽ തടയുന്നതിനും നമുക്ക് മുൻകരുതലുകൾ എടുക്കാം. ഭീതിയല്ല ജാഗ്രതയും പ്രാർത്ഥനയും പരിത്യാഗപ്രവൃത്തികളും ആണ് വേണ്ടത്. നിങ്ങളുടെ കുടുംബ പ്രാർത്ഥനകളിൽ ഈ നിയോഗത്തിനായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണം എന്ന് ഓർമ്മപ്പെടുത്തുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

ഇരിങ്ങാലക്കുട<br>രൂപതാഭവനം

**മാർ പോളികണ്ണൂക്കാടൻ**<br>ഇരിങ്ങാലക്കുട രൂപത മെത്രാൻ

340/20
20.03.2020

# സർക്കുലർ 5

## കൊറോണ വൈറസ് : മുൻ കരുതലുകളും ചില പ്രായോഗിക നിർദ്ദേശങ്ങളും

മിശിഹായിൽ പ്രിയ സഹോദര വൈദികരെ, സ്നേഹമുള്ള സമർപ്പിതരെ, വാൽസല്യ സഹോദരങ്ങളേ,

കൊറോണ വൈറസ് ലോകമെമ്പാടും വ്യാപിക്കുന്നതോടൊപ്പം കേരളത്തിലും പ്രത്യേകിച്ച് നമ്മുടെ ജില്ലയിലും സ്ഥിരീകരിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഈ വൈറസിന്റെ വ്യാപനം തടയുന്നതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും മുൻകരുതൽ എടുക്കുകയും ജാഗ്രത യോടെ അതിവേഗം പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്യണം.

പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും ആരോഗ്യവകുപ്പും പോലീസ് അധികാരികളും നൽകുന്ന പൊതുനിർദ്ദേശങ്ങൾക്കനുസരിച്ചും കെ.സി.ബി.സി.യുടെ 18-03-2020 ന് നൽകപ്പെട്ട പ്രത്യേക സർക്കുലറിന്റെ അടിസ്ഥാനത്തിലും താഴെ പറയുന്ന നിർദ്ദേശങ്ങൾ (മാർച്ച് 10,11,14,18 എന്നീ സർക്കുലറുകൾക്കു പുറമെ) ഇടവകജനങ്ങളെ അറിയിച്ച് ഏപ്രിൽ 03, വെള്ളിയാഴ്ചവരെ, കർശനമായി പാലിയ്ക്കുവാൻ ആഹ്വാനം ചെയ്യുന്നു:

1. കൊറോണ വൈറസിന്റെ വ്യാപനം ക്രമാതീതമായി വ്യാപിക്കു ന്നതിനാൽ മാർച്ച് 21 ശനിയാഴ്ച മുതൽ ഏപ്രിൽ 3 വെള്ളിയാഴ്ച വരെ നമ്മുടെ രൂപതാതിർത്തിയിലെ ഇടവക ദൈവാലയങ്ങളിലും കുരിശുപള്ളികളിലും സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും പൊതുജനപങ്കാളിത്തത്തോടുകൂടിയുള്ള വി. കുർബ്ബാന അർപ്പിക്കു വാൻ പാടുള്ളതല്ല. ഓശാന മുതലുള്ള വലിയ ആഴ്ചയിലെ തിരു ക്കർമ്മങ്ങളെക്കുറിച്ച് പിന്നീട് അറിയിക്കുന്നതാണ്.
2. പ്രത്യേക സാഹചര്യം പരിഗണിച്ച് ഈ കാലഘട്ടത്തിലുള്ള ഞായ റാഴ്ചകളിൽ വി. കുർബ്ബാനയിൽ പങ്കെടുക്കുവാനുള്ള തിരുസ്സഭ കൽപ്പിക്കുന്ന കടമയിൽ നിന്നും എല്ലാ ക്രൈസ്തവർക്കും ഒഴിവ് നൽകുന്നു.
3. മൃതസംസ്കാര ശുശ്രൂഷകൾ ജനപങ്കാളിത്തം കുറച്ച് ലളിതമായി നടത്തുന്നതിന് ശ്രദ്ധിക്കുമല്ലോ. മരണാനന്തര ശുശ്രൂഷകൾ വി. കുർബ്ബാന ഒഴിവാക്കി ഏറ്റവും ലളിതമായി പരേതരുടെ കുടുംബാംഗ ങ്ങൾക്കുവേണ്ടി മാത്രം നിറവേറ്റികൊടുക്കേണ്ടതാണ്.
4. വി. കൂർബ്ബാനയിൽ പങ്കെടുക്കുവാൻ സാധിക്കാത്ത ദിവസങ്ങളിൽ വി. കുർബ്ബാനയുടെ സമയത്ത് സ്വന്തം ഭവനങ്ങളിൽതന്നെ ജപമാല ചൊല്ലിയും 'കുരിശിന്റെ വഴി' നടത്തിയും കരുണക്കൊന്ത ചൊല്ലിയും പ്രാർത്ഥിക്കേണ്ടതാണ്.

5. ബൈബിൾ വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്. 'പുതിയ നിയമം' മുഴുവനും പ്രാർത്ഥനാപൂർവ്വം ഒരു പ്രാവശ്യമെങ്കിലും വായിക്കുവാൻ ഈ കാലഘട്ടത്തിൽ അവസരം കണ്ടെത്തേണ്ടതാണ്.
6. വ്യക്തികളായി വന്ന് പ്രാർത്ഥിക്കുന്നതിനുള്ള സൗകര്യം നൽകുവാൻ എല്ലാ ദൈവാലയങ്ങളും പതിവുപോലെ തുറന്നിടേണ്ടതാണ്. പള്ളിയിൽ വരുന്ന എല്ലാവരും പള്ളിയ്ക്ക് അകത്തും പുറത്തും ഒരു മീറ്ററെങ്കിലും അകലം പാലിയ്ക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.
7. വി. കുർബ്ബാന ഓൺലൈനിലും, ടിവി ചാനലുകളിലും കാണുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഗുഡ്നെസ് ടിവിയിൽ രാവിലെ 6 മണിയ്ക്കും 9.30 നും, ശാലോം ടിവിയിൽ രാവിലെ 6.30 നും ഷക്കൈന ടിവിയിൽ ഇടദിവസങ്ങളിൽ രാവിലെ 6.45 നും, ഞായറാഴ്ചകളിൽ രാവിലെ 7.00 മണിക്കും രൂപതയുടെ ക്രിസ്തുദർശൻ കമ്മ്യൂണിക്കേഷന്റെ online telecast/Youtube channel ൽ രാവിലെ 9.00 മണിയ്ക്കും വി. കുർബ്ബാന കാണുന്നതിനുള്ള സൗകര്യം ഉപയോഗപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ.
8. സാധിക്കുന്ന എല്ലാ സന്യാസ ഭവനങ്ങളിലും പൊതുജനപങ്കാളിത്തം ഒഴിവാക്കി വി. കുർബ്ബാന എഴുന്നള്ളിച്ചുവച്ച് ആരാധന നടത്തി കൊറോണ വൈറസ് ബാധയിൽ നിന്ന് ലോകജനതയെ രക്ഷിക്കുവാൻ എല്ലാവരും തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടതാണ്.
9. കെ.സി.ബി.സി. യുടെ നിർദ്ദേശമനുസരിച്ച് 2020 മാർച്ച് 27-ാം തിയ്യതി നമ്മുടെ രൂപതയിലും പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്. അന്നേദിവസം ഒരുനേരമെങ്കിലും ഭക്ഷണം ഒഴിവാക്കി ഉപവാസമനുഷ്ഠിക്കുന്നത് നന്നായിരിക്കും.
10. കൊറോണ വൈറസിന്റെ ഭീതി മൂലം നിരീക്ഷണത്തിൽ കഴിയുന്നവരേയും ദൈനംദിന കാര്യങ്ങൾക്ക് സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരേയും വിദേശത്ത് നിന്ന് വന്ന് പുറത്തിറങ്ങുവാൻ സാധിക്കാതെ വീടുകളിൽ കഴിയുന്നവരേയും മറ്റുവിധത്തിൽ ബുദ്ധിമുട്ടുന്നവരേയും ഒറ്റപ്പെട്ടുകഴിയുന്നവരേയും ക്രൈസ്തവ ചൈതന്യത്തിൽ ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും കുടുംബ കൂട്ടായ്മകളും നേതൃത്വം നൽകി സഹായിക്കേണ്ടതാണ്. അതൊടൊപ്പം കൊറോണ വൈറസ് വ്യാപിക്കാതിരിക്കുവാൻ ആവശ്യമായ ബോധവൽക്കരണവും മുൻകരുതലും ജാഗ്രതയും പുലർത്തുവാൻ നിർദ്ദേശം നൽകുമല്ലോ

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാനും അതുവഴി കൊറോണ വൈറസിന്റെ വ്യാപനം നമ്മുടെ സമൂഹങ്ങളിൽ തടയുന്നതിനും നമുക്ക് മുൻകരുതലുകൾ എടുക്കാം. ഭീതിയല്ല ജാഗ്രത

യും പ്രാർത്ഥനയും പരിത്യാഗപ്രവൃത്തികളും ആണ് വേണ്ടത്. നിങ്ങളുടെ കുടുംബ പ്രാർത്ഥനകളിൽ ഈ നിയോഗത്തിനായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണം. നമ്മുടെ ഭവനങ്ങൾ ദൈവാലയങ്ങളായി മാറണം. അവിടെ നിരന്തരം തിരുവചനവും പ്രാർത്ഥനകളും ഉയരണം. മാതാപിതാക്കൾ ദൈവവചനം പങ്കുവച്ച് നൽകുന്നതിനും പ്രാർത്ഥിക്കുന്നതിനും നേതൃത്വം നൽകണം.

യേശുവിൽ സ്നേഹപൂർവ്വം,

ഇരിങ്ങാലക്കുട രൂപതാഭവനം

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

## കൊറോണ വൈറസ് ബാധയിൽ നിന്ന് സംരക്ഷണത്തിനായുള്ള പ്രാർത്ഥന

രോഗികളെ സുഖപ്പെടുത്തുകയും ദുഃഖിതരെ ആശ്വസിപ്പിക്കുകയും ചെയ്യുന്ന കർത്താവേ, കൊറോണ വൈറസ് മൂലം രോഗബാധിതരായിക്കഴിയുന്ന ഞങ്ങളുടെ സഹോദരങ്ങളെ തിരുമുമ്പിൽ സമർപ്പിക്കുന്നു. അവരെ ശുശ്രൂഷിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, ബന്ധുമിത്രാദികൾ എന്നിവരെയെല്ലാം രോഗബാധയിൽനിന്നു സംരക്ഷിക്കുകയും കാത്തുകൊള്ളുകയും ചെയ്യണമേ. രോഗികളോട് ശുശ്രൂഷാ മനോഭാവത്തോടെയും ആത്മധൈര്യത്തോടെയും പെരുമാറുവാനുള്ള കൃപ അവർക്ക് നല്കണമെ. കൊറോണ വൈറസിനെ പ്രതിരോധിക്കുവാനുള്ള മാർഗങ്ങൾ കണ്ടെത്തുവാൻ രാഷ്ട്രത്തലവൻമാരെയും ഭരണാധികാരികളെയും ഡോക്ടർമാരെയും അങ്ങ് സഹായിക്കണമേ.

"മരണത്തിന്റെ നിഴൽവീണ താഴ്വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല" (സങ്കീ 23,4) എന്ന് ഉദ്ഘോഷിച്ച സങ്കീർത്തകനോടു ചേർന്ന് ഉറച്ച വിശ്വാസത്തോടും പ്രത്യാശയോടും കൂടെ ഞങ്ങളും അങ്ങയിലാശ്രയിക്കുന്നു. നിനിവെ നിവാസികളെപ്പോലെ അനുതാപവും പ്രായശ്ചിത്തവും വഴി ഞങ്ങളും മാനസാന്തരവഴികളിലൂടെ അങ്ങേപ്പക്കലേക്ക് തിരികെവരുന്നു. ഞങ്ങളുടെ എളിയ പ്രാർത്ഥനകൾ സ്വീകരിച്ച് എല്ലാ വിപത്തുകളിൽ നിന്നും പകർച്ചവ്യാധികളിൽ നിന്നും വിശിഷ്യാ, കൊറോണ വൈറസ് ബാധയിൽ നിന്നും ഞങ്ങളെയും ഞങ്ങളുടെ സഹോദരങ്ങളെയും അങ്ങയുടെ അനന്തമായ കാരുണ്യത്താൽ സംരക്ഷിക്കണമേ. ആമ്മേൻ.

1 സ്വർഗസ്ഥനായ, 1 നന്മനിറഞ്ഞ മറിയമേ, 1 ത്രിത്വസ്തുതി

Prot. No.0302/2020 **ഡിക്രി**

സീറോമലബാർ സഭയിലെ ചരിത്രപരമായി പ്രാധാന്യമുള്ളതും ഈ കൽപ്പനയ്ക്ക് അനുബന്ധമായി നൽകിയിരിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിക്കുന്നതുമായ പ്രധാനപ്പെട്ട ദൈവാലയങ്ങൾക്കും തീർത്ഥാടന കേന്ദ്രങ്ങൾക്കും മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥാടനകേന്ദ്രം എന്ന പദവി നൽകുവാൻ 2018 ജനുവരിമാസം 8 മുതൽ 13 വരെയുള്ള തീയതികളിൽ സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ ഇരുപത്തിയാറാമത് സിനഡിന്റെ ഒന്നാം സമ്മേളനം കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, 2019 സെപ്റ്റംബർ മാസം 8-ാം തീയതി ഇരിഞ്ഞാലക്കുട രൂപതയിലെ താഴെക്കാട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ നിയമാനുസൃതം ചേർന്ന പൊതുയോഗ തീരുമാനപ്രകാരം, പള്ളി വികാരി പ്രസ്തുത ദൈവാലയത്തിന് മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥാടനകേന്ദ്രം എന്ന പദവി ലഭിക്കുന്നതിന് വേണ്ടി നൽകിയ രേഖാമൂലമുള്ള അഭ്യർത്ഥനയും ഇരിഞ്ഞാലക്കുട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് പ്രസ്തുത പള്ളിവികാരിയുടെ അഭ്യർത്ഥനയെ പിന്തുണച്ച് നൽകിയ ശുപാർശയും പരിഗണിച്ചും, താഴെക്കാട് സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിന് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം എന്ന പദവി ലഭിക്കുന്നതിന് ആവശ്യമായ എല്ലാ യോഗ്യതകളും ഉണ്ട് എന്ന് നിർണ്ണയിച്ചതിന്റെയും പ്രസ്തുത പദവി നൽകപ്പെടുന്ന ദൈവാലയങ്ങൾക്കും തീർത്ഥാടനകേന്ദ്രങ്ങൾക്കുമായി സീറോമലബാർ സഭയുടെ മെത്രാൻ സിനഡ് അംഗീകരിച്ചു നൽകിയിരിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും താഴെക്കാട് ഇടവക അംഗീകരിച്ചതിന്റെയും അടിസ്ഥാനത്തിലും, പ്രസ്തുത ദൈവാലയത്തിന് മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം എന്ന പദവി നൽകുവാൻ 2020 ജനുവരി മാസം 10 മുതൽ 15 വരെയുള്ള തീയതികളിൽ കൂടിയ സീറോമലബർ മെത്രാന്മാരുടെ ഇരുപത്തിയെട്ടാമത് സിനഡിന്റെ ഒന്നാം സമ്മേളനം കൈക്കൊണ്ട തീരുമാനപ്രകാരവും, ഞാൻ,

**സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ ജോർജ് ആലഞ്ചേരി,**

**ഇരിഞ്ഞാലക്കുട രൂപതയിലെ താഴെക്കാട് സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിന്**

**മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം**

എന്ന പദവി 2020 മാർച്ച് മാസം 8-ാം തീയതി മുതൽ ഇതിനാൽ കൽപ്പിച്ചു നൽകുന്നു. ഈ കല്പനയാൽ ഇത്തരം ദൈവാലയങ്ങൾക്കു നിയമം നൽകുന്ന എല്ലാ അവകാശാധികാരങ്ങളും കടമകളും പ്രസ്തുത ദൈവാലയത്തിനു കൈവരുന്നതാണ്.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലെ സീറോമലബാർസഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് മാർച്ച് മാസം 07 തിയതി നൽകപ്പെട്ടത്.

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

ഫാ. വിൻസെന്റ് ചെറുവത്തൂർ
മേജർ ആർക്കി എപ്പിസ്കോപ്പൽ ചാൻസലർ

# കച്ചേരി കാര്യങ്ങൾ



1. **ബഹു. ജനറാളച്ചന്മാരുടെ ഇടവക സന്ദർശനം :** ഇടവകയിലെ രജിസ്റ്ററുകളും മറ്റു രേഖകളും പരിശോധിച്ച് ഒപ്പ്, സീൽ വയ്ക്കുവാൻ ബഹു. വികാരി ജനറാളച്ചന്മാർ 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ ഇടവക സന്ദർശിക്കുവാൻ വരുന്നതാണ്. ദിവസവും സമയവും അതത് മേഖലകളിലെ ജനറാളച്ചന്മാർ വികാരിമാരെ പിന്നീട് അറിയിക്കുന്നതാണ്.
2. **മേജർ-മൈനർ പട്ടങ്ങൾ :** നമ്മുടെ രൂപതയ്ക്കുവേണ്ടി ദൈവശാസ്ത്ര പരിശീലനം നടത്തുന്ന ശെമ്മാശന്മാർക്ക് മ്ശംമ്ശാന, ഹെവ്പദ്യാക്ക്ന, കാറോയ എന്നീ പട്ടങ്ങളുടെ പുതുക്കിയ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്. മ്ശംമ്ശാന പട്ടവും മറ്റ് പട്ടങ്ങളും സ്വീകരിക്കുവാൻ ഒരുങ്ങുന്ന ബഹു. ശെമ്മാശന്മാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെ.
3. **തിരുസൈത്ത് വെഞ്ചരിപ്പ് :** തിരുസൈത്ത് വെഞ്ചിരിപ്പ് ശുശ്രൂഷയുടെ പുതുക്കിയ തിയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും.
4. **ഏപ്രിൽ - മാസധ്യാനം :** ഏപ്രിൽമാസത്തെ ബഹു. അച്ചന്മാരുടെ മാസധ്യാനം അതത് ഫൊറോനകളിൽ ക്രമീകരിക്കുമല്ലോ.
5. **ജൂനിയർ സിസ്റ്റേഴ്സ് - തിയോളജി കോഴ്സ് :** ഇരിങ്ങാലക്കുട രൂപതയുടെ ആഭിമുഖ്യത്തിൽ 2020 ഏപ്രിൽ 15 മുതൽ മെയ് 15 വരെ കല്ലേറ്റുംകര പാക്സിൽ വച്ച് നടത്താനിരുന്ന ജൂനിയർ സിസ്റ്റേഴ്സിന്റെ തിയോളജി കോഴ്സ് മാറ്റിവച്ചിരിക്കുന്നു. പുതിയ തിയ്യതികൾ പിന്നീട് അറിയിക്കുന്നതായിരിക്കും.
6. **ഏപ്രിൽ 18 ശനി മെത്രാഭിഷേക ദിനം :** അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മെത്രാഭിഷേക സ്ഥാനാരോഹണത്തിന്റെ 10-ാം വാർഷിക ദിനമായ ഏപ്രിൽ 18 ശനി പിതാവിനെ പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കാം, അനുമോദനങ്ങളർപ്പിക്കാം.
7. **രൂപത ഡയറക്ടറി 2020 :** പുതിയ രൂപത ഡയറക്ടറി 2020 ലേക്കുള്ള വിവരങ്ങൾ ഇനിയും നൽകാത്തവർ എത്രയും വേഗം രൂപത കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

രൂപതാ കാര്യാലയം
20.03.2020

**മോൺ. ലാസർ കുറ്റിക്കാടൻ**
വികാരി ജനറാൾ

# വൈദിക-സമർപ്പിത ഡയറക്ടറി 2020

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ,

നമ്മുടെ രൂപതയുടെ വൈദിക-സമർപ്പിത വർഷാചരണത്തെ (2016-17) തുടർന്ന് രൂപതയിലെ 137 ഇടവകകളിൽ നിന്നുള്ള 700-ഓളം വരുന്ന ബഹു. വൈദികരുടേയും ബഹു. ബ്രദേഴ്സിന്റെയും (Permanent Brotherhood) 3000-ഓളം വരുന്ന ബഹു. സിസ്റ്റേഴ്സിന്റെയും ഒരു ഡയറക്ടറി ഉണ്ടാകണമെന്നുള്ള എല്ലാവരുടേയും താൽപര്യത്തെ മാനിച്ചുകൊണ്ട് അക്കാര്യത്തിനായി ഓരോ ഇടവകയിലേക്കും ഇവരുടെ ഫോട്ടോ ഉൾപ്പെടെയുള്ള 'ഡാറ്റ' ശേഖരിക്കുന്നതിനായി ഫോമുകൾ നൽകിയിരുന്നു. 120-ഓളം ഇടവകകൾ ഈ ഫോമുകൾ ഭാഗികമായോ പൂർണ്ണമായോ ഫോട്ടോയോടുകൂടിയോ ഫോട്ടോ ഇല്ലാതെയോ പൂരിപ്പിച്ച് തിരിച്ചേൽപ്പിച്ചിരുന്നകാര്യം നന്ദിയോടെ ഓർക്കുന്നു. അന്നത് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ ദൈവവിളി പ്രോത്സാഹന വർഷത്തിന്റെ സമാപനമായ 2020 സെപ്തംബർ 10 ന് മേൽപ്പറഞ്ഞ എല്ലാവരേയും ഉൾപ്പെടുത്തിയുള്ള ഒരു 'വൈദിക-സമർപ്പിത ഡയറക്ടറി' പ്രസിദ്ധീകരിക്കുവാൻ അഭിവന്ദ്യ പിതാവ് ആഗ്രഹിക്കുന്നു. അതിനാൽ ഇക്കാര്യത്തിനായി, മുമ്പ് ഓരോ ഇടവകയിൽ നിന്നും രൂപത കേന്ദ്രത്തിൽ നൽകിയിട്ടുള്ള ഫോമുകൾ തിരിച്ച് നൽകുന്നതോടൊപ്പം 2020 ൽ പൂരിപ്പിച്ച് നൽകേണ്ടതായ പുതിയ ഫോമുകൾ കൂടി നൽകുകയും ചെയ്യുന്നു. ഈ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ഓരോ ഇടവകയിൽനിന്നും ഏതെങ്കിലും വൈദികരോ സന്യസ്ഥരോ മരിക്കുകയോ ആരെങ്കിലും പുതുതായി ഉണ്ടാകുകയോ ചെയ്തുകാണുമല്ലോ. അതിനാൽ ബഹു. അച്ചന്മാർ ഈ വരുന്ന മെയ് 31-ാം തിയ്യതിക്കുള്ളിൽ നൽകപ്പെടുന്ന പുതിയ ഫോമിൽ ഇടവകയിൽ നിന്നുള്ള ബഹു. വൈദീകർ, ബഹു. ബ്രദേഴ്സ് (Permanent Brotherhood), ബഹു. സിസ്റ്റേഴ്സ് എന്നിവരുടെ വിശദവിവരങ്ങൾ പൂരിപ്പിച്ച്, ഫോട്ടോയൊടോപ്പം ഇവിടെ തിരിച്ചേൽപ്പിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിനായി നമ്മുടെ ഓരോ ഇടവകയിലെയും കുടുംബയൂണിറ്റ് ഭാരവാഹികളുടേയും ബ്രദേഴ്സിന്റെയും സേവനം ഉപയോഗിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അച്ചൻമ്മാരുടെ ശ്രദ്ധയും താത്പര്യവും ത്യാഗപൂർണ്ണമായ പരിശ്രമവും ഉണ്ടെങ്കിലേ ഇത് യാഥാർത്ഥ്യമാകുകയുള്ളൂ. ബഹു. അച്ചന്മാരുടെ ത്യാഗപൂർണ്ണമായ സഹകരണത്തിന് മുൻകൂട്ടി നന്ദിപറഞ്ഞുകൊണ്ട്,

സ്നേഹാദരങ്ങളോടെ

**മോൺ. ജോസ് മഞ്ഞളി**

വികാരി ജനറാൾ

**NB** : നമ്മുടെ "ഇരിങ്ങാലക്കുട രൂപത വൈദികരുടെ" പേരുവിവരങ്ങൾ "Priest Directory 2020" ൽ നൽകിയിട്ടുള്ളതുകൊണ്ട് അവ ശേഖരിക്കണമെന്നില്ല.

1. മതാദ്ധ്യാപക സ്കോളർഷിപ്പ് പരീക്ഷയും കുട്ടികളുടെ സൺഡേ കാറ്റിക്കിസം (Std. IV, VII), വചനം എന്റെ ജീവൻ (Std. V, VI, VIII, IX) എന്നീ ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷയും ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ മാറ്റിവച്ചിരിക്കുന്നു. പരീക്ഷാ തിയ്യതികൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**2. ബി.സി.ടി. കോഴ്സ് (നവമതദ്ധ്യാപക പരിശീലനകോഴ്സ്) 2020 മെയ് 16,17 :** മതദ്ധ്യാപക പരിശീലന കോഴ്സിൽ പങ്കെടുക്കുവാൻ പേരുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള അദ്ധ്യാപകർക്ക് മെയ് 16,17 (ശനി, ഞായർ) എന്നീ ദിവസങ്ങളിൽ കല്ലേറ്റുംകര പാക്സിൽവച്ച് ബി.സി. ടി. കോഴ്സ് നടത്തുന്നതായിരിക്കും. മെയ് 16-ാം തിയ്യതി ശനിയാഴ്ച രാവിലെ 9 മണി മുതൽ 17-ാം തിയ്യതി ഞായറാഴ്ച രാത്രി 8.30 വരെ.

**3. X, XII ക്ലാസ്സുകളിലെ പുനർപരീക്ഷ (Say Examinatin) :** 2020 മെയ് 3-ാം തിയ്യതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും. വാർഷിക പരീക്ഷയിൽ തോറ്റവരെയും തക്കകാരണങ്ങളാൽ വാർഷിക പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കാത്തവരെയും ഈ പരീക്ഷയിൽ പങ്കെടുപ്പിക്കാവുന്നതാണ്. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ ഏപ്രിൽ 25നു മുൻപ് ഇവരുടെ പേരുകൾ വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**4. ഗ്രെയ്സ് ഫെസ്റ്റ് :** വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽ ഗ്രെയ്സ് ഫെസ്റ്റ് രജിസ്റ്റർ ചെയ്തിട്ടുള്ളവർ ഈസ്റ്റർ വരെയുള്ള ഗ്രെയ്സ് ഫെസ്റ്റ് സംബന്ധമായ എല്ലാ പരിപാടികളും ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ മാറ്റിവച്ചിരിക്കുന്നു.

**5. Std. X, XII ഉത്തരകടലാസ് പുനർമൂല്യനിർണ്ണയ മാനദണ്ഡം:** 100 രൂപ ഫീസ് അടച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി അപേക്ഷ സമർപ്പിക്കേണ്ട തിയ്യതി പിന്നീട് അറിയക്കുന്നതാണ്.

**6. പ്രധാന അദ്ധ്യാപകരുടെ സമ്മേളനം:** പുതിയ അദ്ധ്യയനവർഷത്തെ പരിപാടികൾ ക്രമീകരിക്കുവാൻ പ്രധാന അദ്ധ്യാപകരുടെ മീറ്റിങ്ങ് വിദ്യാജ്യോതിയിൽവച്ച് മെയ് 23-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2 മണിവരെ നടത്തപ്പെടുന്നു. എല്ലാ പ്രധാന അദ്ധ്യാ

പകരും മീറ്റിങ്ങിൽ സംബന്ധിക്കേണ്ടതാണ്. ഈ മീറ്റിങ്ങിൽവച്ച് പുതിയ മതബോധന അദ്ധ്യയന വർഷത്തെ വാർഷിക പരിപാടികൾ വിശദീകരിക്കുന്നതായിരിക്കും.

**7. പ്രധാന അദ്ധ്യാപക നിയമനം :** ഇടവകകളിൽ പുതുതായി നിയമിക്കപ്പെടുന്ന പ്രധാന അദ്ധ്യാപകരുടെയും യൂണിറ്റ് സെക്രട്ടറിമാരുടെയും പി.ടി.എ. പ്രസിഡന്റുമാരുടെയും പേര് വിവരം യഥാസമയം രൂപത മതബോധന കേന്ദ്രത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

**8. റിസൾട്ട് :** X, XII ക്ലാസ്സുകളിലെ പരീക്ഷാഫലം മാർച്ച് 30ന് www.vidyajyotiijk.com വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉത്തരവാദിത്വപ്പെട്ടവർ ഓരോ മതബോധന യൂണിറ്റിന്റെയും റിസൾട്ടിന്റെ പ്രിന്റ് എടുത്ത് സൗകര്യപ്രദമായ രീതിയിൽ വിദ്യാർത്ഥികളെ അറിയിക്കുമല്ലോ.

**ഫാ. ടോം മാളിയേക്കൽ**
ഡയറക്ടർ

**SUNDAY SCHOOL CATECHISM RANK LIST**
STANDARD X (2019-2020)

| Rank | Name | Parish |
|---|---|---|
| 1. | Henna Joby | St. Mary's Church. Dayanagar |
| 2. | Aleena Nijo | St. Joseph's Church, Muriyad |
| 3. | Angel Pauly | St. Sebastian's Church, Vadachira |
| 4. | John Daison | Our Lady of Fathima Church, Vellachira |
| 5. | Christeena Johny | De Paul, Potta |
| 6. | Ann Mariya Jaison | St. John Baptist's Church, Moonnumury |
| 7. | Ashly Joy | Infant Jesus Church, Meladoor |
| 8. | Mariya Davis | St. Mary's Church, Vennoor |
| 9. | Geethu Vincent | St. Sebastian's Church, Vadachira |
| 10. | Alina Mariya | St. Mary's Church, Vennoor |
| 11. | Ananya Grace Jose | Holy Family Church, Avittathoor |
| 12. | Retty Poulose | St. Mary's Church, Aripalam |

| | | |
|---|---|---|
